മനുഷ്യാവാകാശദിനത്തോടനുബന്ധിച്ച് 'ജനനീതിയും 'ചേതന'യും സംയുക്തമായി തൃശൂരിൽ സംഘടിപ്പിച്ച 'പ്രതിരോധത്തിന്റെ സിനിമ' എന്ന ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ച പരോമിതാ വോറ സംവിധാനം ചെയ്ത 'മൊറാലിറ്റി ടി.വിയും ലവിങ്ങ്ജിഹാദും' എന്ന ഡോക്യുമെന്ററിയെക്കുറിച്ച്.
പോലീസ് എങ്ങനെ പൊതുജനങ്ങളുടെ സൈ്വരജീവിതം നഷ്ടപ്പെടുത്തുന്നു എന്ന് ഈ ഡോക്യുമെന്ററി കാണിച്ചുതരുന്നു. മലയാള പത്രങ്ങളിൽ ലവ്ജിഹാദിനെക്കുറിച്ചുള്ള കപടഉത്കണ്ഠകൾ സ്ഥാനം പിടിക്കുന്നതിനും എത്രയോ മുൻപ് ഉത്തരേന്ത്യയിൽ നടന്ന ഒരു സദാചാര നാടകം.

# സദാചാരം പോലീസ് പഠിപ്പിക്കുമ്പോൾ

കെ. ആർ. അജിതൻ

പൊതുജനക്ഷേമത്തിനായി രൂപീകൃതമായ സർക്കാർ ഹസ്തങ്ങൾ തന്നെ സമൂഹത്തിൽ അസ്വാരസ്യവും അക്രമവും ഉണ്ടാക്കാൻ കൂട്ടുനില്ക്കുക എന്നത് മൂന്നാം ലോകരാഷ്ട്രങ്ങളുടെ ഒരു സാധാരണ സ്വഭാവവിശേഷണമാണ്. മനുഷ്യാവകാശങ്ങൾക്ക് തെല്ലും വില കല്പിക്കാതെ ദളിതനായാലും, കുട്ടികളായാലും, സ്ത്രീകളായാലും ദുർബലമേഖലകളിൽ അധികാരത്തിലിരിക്കുന്ന പാർട്ടികളുടെ അജണ്ടകൾ പ്രകാരം അഴിഞ്ഞാടുക എന്നതാണ് പൊതുതത്വം. പ്രശ്നങ്ങളുടെ കാതൽ കണ്ടെത്തി പോംവഴി തേടാതെ കഷ്ടതകൾ സഹിയ്ക്കാൻ വയ്യാതെ പ്രതിരോധത്തിലേർപ്പെടുന്ന ജനങ്ങളെ നിയമം കൊണ്ടും ആയുധം കൊണ്ടും അടിച്ചമർത്തുക എന്നതാണല്ലോ ജനാധിപത്യത്തിലെ പുതിയ രാജ്യഭരണതന്ത്രങ്ങൾ! ഈ ക്ഷേമ രാഷ്ട്ര നിർമ്മിതിക്ക് നിയമ നിർമ്മാണത്തിന് സഹായകമാകേണ്ടതാണ് പോലീസ്. എന്നാൽ അതേ പോലീസ് തന്നെ സമൂഹത്തിൽ എങ്ങനെ പൊതുജനങ്ങളുടെ സൈ്വരജീവിതം നഷ്ടപ്പെടുത്തുന്നു എന്ന് ഈ ഡോക്യുമെന്ററി കാണിച്ചുതരുന്നു.

2005ൽ മീററ്റ് നഗരസഭാ പാർക്കിൽ നടന്നതാണ് ഈ സംഭവം. ഒരു തരത്തിലും അസാധാരണത്വമില്ലാത്ത ഒരു പകൽ സമയത്ത്, ജനങ്ങൾ രസകരമായി സമയം ചെലവഴിച്ചുകൊണ്ടിരിക്കുമ്പോൾ, മാധ്യമ പ്രവർത്തകരോടൊപ്പം കടന്നുവന്ന പോലീസ് വ്യക്തമായ ഒരു കാരണവുമില്ലാതെ കണ്ണിൽ കണ്ടവരെയൊക്കെ തല്ലിയോടിക്കുന്ന വിഹ്വലപ്പെടുത്തുന്ന ദൃശ്യങ്ങൾ. ഒപ്പം തന്നെ ആക്ഷന്റെ ഓരോ സെക്കന്റും ഒപ്പിയെടുത്തുകൊണ്ട് ചാനൽ പ്രവർത്തകരും. ഏറ്റവും ശക്തമായ ജനാധിപത്യരാഷ്ട്രമെന്ന നാഴികക്കു നാല്പതുവട്ടം ഉദ്ഘോഷണം നടത്തുന്ന മഹത്തായ ഭാരതത്തിലാണ് ഈ നരനായാട്ട് അരങ്ങേറിയതെന്നോർക്കണം. മലയാള പത്രങ്ങളിൽ 'ലവ് ജിഹാദ്'നെക്കുറിച്ചുള്ള കപട ഉത്കണ്ഠകൾ സ്ഥലം പിടിക്കുന്നതിനും എത്രയോ മുമ്പാണ് ഉത്തരേന്ത്യയിൽ ഈ സദാചാര നാടകം നടന്നത്! ചിത്രത്തിൽ ഒരു വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകൻ പറയുന്നുണ്ട് 'മുസ്ലീം യുവാക്കൾ പ്രേമം നടിച്ചും മൊബൈൽ ഫോൺ മേടിച്ചു കൊടുത്തും കുലീനകളായ ഹിന്ദു പെൺകുട്ടികളെ വശത്താക്കുകയാണെ." എന്നാൽ ആരാണിവിടെ തെറ്റുകാർ? സമൂഹത്തിൽ കുട്ടികൾ എങ്ങനെ പെരുമാറണമെന്ന് അച്ഛനമ്മമാർ അവർക്ക് പരിചയപ്പെടുത്തുന്നുണ്ടോ? കൗമാരത്തിൽ നിന്നും യൗവനത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന ശാരീരിക-മാനസിക വ്യതിയാനങ്ങളുടെ വരുംവരായ്കകൾ കുട്ടികൾക്ക് അധ്യാപകരും രക്ഷാകർത്താക്കളും മനസ്സിലാക്കിക്കൊടുക്കുന്നുണ്ടോ? അതില്ലെങ്കിൽ പ്രേമാർത്തരായ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും മെക്കിട്ടുകയറാൻ ആരാണ് പോലീസിന് അധികാരം കൊടുത്തത്? സ്ത്രൈണതയുടെ ദൗർബല്യത്തിൽ സമൂഹം സ്ത്രീകൾക്ക് കുറ്റം ചെയ്യാനുള്ള അവസരങ്ങളുണ്ടാക്കികൊടുക്കുന്നുവെന്ന് ഒരു ഉന്നത പോലീസധികാരിയുടെ കണ്ടെത്തലും.

പൊതുസ്ഥലത്തെ പോലീസിന്റെ നാണം കെടുത്തൽ കൂടാതെ ഇപ്പോൾ കിട്ടിയ കിടിലൻ വാർത്തയായി പാർക്കിലെ സന്മാർഗ്ഗ പ്രവർത്തനങ്ങൾ വീണ്ടും വീണ്ടും ക്ലിപ്പിങ്ങുകളായി വിവിധ ചാനലുകളിൽ പ്രത്യക്ഷപ്പെടുന്നു. ചാനലുകാർക്ക് പോലീസിനോട് 'ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ'. ഭർത്താവിനൊപ്പമുള്ള വീട്ടമ്മയാണെന്നും ഫോട്ടോ എടുക്കരുതെന്നുമുള്ള തേങ്ങലുകൾ ആരു കേൾക്കാൻ!



പരോമിത വോറ

ആണും പെണ്ണും കൈകോർത്തു നടന്നാൽ പാർക്കിൽ ഒന്നിച്ചിരുന്നാൽ അത് അശ്ലീലമാണത്രേ! ആർഷഭാരതസംസ്കാരത്തിന്റെ നിറവിൽ ഊറ്റം കൊള്ളുന്ന അഭിനവ അവതാര പുരുഷന്മാർ അബദ്ധത്തിൽ പോലും പരസ്ത്രീയുടെ ചെറുവിരലിൽ തൊടുമ്പോൾ വിറങ്ങളിച്ചു പോകുന്നത് വായിച്ചറിവില്ലാത്തതുകൊണ്ടാണ്. ശ്ലീലം എന്താണെന്നറിയാത്തതുകൊണ്ടാണ്. ഭക്ഷണത്തിലും വസ്ത്രത്തിലും ശൈലികളിലും അന്താരാഷ്ട്ര നിലവാരം തുടരുമ്പോഴും മനസ്സിൽ ആൺപെൺ അതിരുകൾ പൊടിമൂടിക്കിടക്കുന്നുവെന്നു ചുരുക്കം.

എഴുത്തുകാരികൂടിയായ പരോമിതാ വോറയാണ് ഈ 31 മിനിറ്റ് ഡോക്യുമെന്ററി അതിന്റെ എല്ലാ ആശങ്കകളോടുംകൂടി സംവിധാനം ചെയ്തിരിക്കുന്നത്. രാഷ്ട്രീയം, നഗരജീവിതം എന്നിവയെ കുറിച്ചുള്ള പതിനഞ്ചിലധികം സിനിമകൾ അവർ എടുത്തിട്ടുണ്ട്. അവക്കെല്ലാം ലോകമെമ്പാടു നിന്നും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

പോലീസിന്റെ, സ്ത്രീകൾക്കു നേരെയുള്ള വൃത്തികെട്ട കാർക്കശ്യം തുറന്നു കാട്ടുന്ന ഈ ചിത്രത്തിൽ സ്ത്രീ പോലീസുകാരുടെ പങ്കും ഒട്ടും കുറവല്ല. ഇമ്മോറൽ ട്രാഫിക്കിങ്ങെന്നു ചമച്ചുണ്ടാക്കിയ കേസിൽ വക്കീലിനെ കാണാൻ വരുന്ന വീട്ടമ്മയെ മനുഷ്യത്വത്തിന്റെ കണികപോലുമില്ലാതെ മുഖത്തിട്ടു തല്ലിക്കൊണ്ടേയിരിക്കുന്ന വനിതാ പോലീസ് ഇൻസ്പെക്ടറെ ഏതു നിയമമാണ് അതിനനുവദിച്ചത്? പാർക്കിലെ സ്വൈര വിശ്രമ ജീവികളെ ഏതു കുറ്റത്തിനാണ് പോലീസ് പീഡിപ്പിക്കുന്നത്? അല്ലെങ്കിൽ പോലീസ് സ്റ്റേഷൻ തന്നെയാക്കുമോ ഏറ്റവും മഹത്തായ സ്വൈര സങ്കേതം. കണ്ടിരിക്കുന്നവർക്ക് ഉൽകണ്ഠകളും വ്യാകുലതകളും പ്രദാനം ചെയ്ത് അവരെക്കൊണ്ട് 'എന്തു കൊണ്ടിങ്ങനെ' എന്ന് ഉറക്കെച്ചോദിപ്പിക്കുന്നു ഈ ഡോക്യുമെന്ററി.

നാലു വർഷം മുമ്പു നടന്ന ഈ ഹീനമായ മനുഷ്യത്വലംഘനവാർത്ത തെക്കേയിന്ത്യയിലെ മാധ്യമമാർക്കറ്റിൽ വിറ്റുപോവില്ലെന്ന് നമ്മുടെ പത്രമുത്തശ്ശിമാർ കരുതിക്കാണണം. വാർഡുതോറും എഡിഷനുകളിറക്കുമ്പോൾ ദേശീയ നിലവാരത്തിൽ കുപ്രസിദ്ധി നേടിയ ഒരു വാർത്ത എങ്ങനെ നമുക്കു നഷ്ടപ്പെട്ടു എന്നു നോക്കൂ? മൂന്നാം ലോക ദരിദ്രരാജ്യങ്ങളിലെ പൊതുജനങ്ങളെ ബാധിക്കുന്ന കാർക്കോടകവിഷത്തെ തുറന്നുകാട്ടാതെ, ചില അങ്ങാടിമുക്കുകളിലെ കൊതുകകടി സംഭവങ്ങൾ മാത്രം നമുക്കു തരുന്നു ഈ പത്രങ്ങൾ.

മാദ്ധ്യമങ്ങളുടെ വൃത്തികെട്ട, ചോരയിറ്റു വീഴുന്ന കോന്ത്രൻപല്ലുകളും ഈ ചെറു ഡോക്യുമെന്ററി തുറന്നുകാട്ടുന്നുണ്ട്. 'ബ്രേക്കിങ് ന്യൂസ്' എന്ന പേരിൽ ഏതു നിസ്സാര സംഭവങ്ങളും നിർബന്ധപൂർവ്വം ടെലിവിഷൻ വാർത്താ സമയത്തെ അപഹരിക്കുന്നത് ഇപ്പോഴത്തെ ഒരു ശൈലിയായിത്തീർന്നിരിക്കുന്നു. പൊതുസ്ഥലത്ത് ആണും പെണ്ണും എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കാൻ പോലീസും, സ്വീകരണമുറിയിൽ ഏതു വാർത്ത ശ്രദ്ധിക്കണമെന്നു പറയാൻ ചാനലുകളും. കൊച്ചുകുട്ടികൾപോലും സാങ്കേതിക ശാസ്ത്രമികവിൽ വെർച്വൽ റിയാലിറ്റിയിലൂടെ കമ്പ്യൂട്ടറുകളുമായി ഏറ്റുമുട്ടുന്ന ഇക്കാലത്ത് ആണും പെണ്ണും കൈകോർത്തു നടന്നാൽ, പാർക്കിൽ ഒന്നിച്ചിരുന്നാൽ അത് അശ്ലീലമാണത്രേ! ആർഷഭാരതസംസ്കാരത്തിന്റെ നിറവിൽ ഊറ്റം കൊള്ളുന്ന അഭിനവ അവതാര പുരുഷന്മാർ അബദ്ധത്തിൽ പോലും പരസ്ത്രീയുടെ ചെറുവിരലിൽ തൊടുമ്പോൾ വിറങ്ങലിച്ചു പോകുന്നത് വായിച്ചറിവില്ലാത്തതുകൊണ്ടാണ്. ശ്ലീലം എന്താണെന്നറിയാത്തതുകൊണ്ടാണ്. ഭക്ഷണത്തിലും വസ്ത്രത്തിലും ശൈലികളിലും അന്താരാഷ്ട്ര നിലവാരം തുടരുമ്പോഴും മനസ്സിൽ ആൺപെൺ അതിരുകൾ പൊടിമൂടിക്കിടക്കുന്നുവെന്നു ചുരുക്കം. കമേഴ്സ്യൽ പരസ്യങ്ങളിൽ സ്ത്രീശരീരത്തിന്റെ ഓരോ ഇഞ്ചും പല പ്രകാരത്തിൽ പ്രദർശിപ്പിക്കുന്ന ചാനലുകളാണ് പ്രണയചാപല്യങ്ങളെ കുറിച്ച് കണ്ണീർവാർക്കുന്നത്.

ഒരു അഭിമുഖത്തിൽ പരോമിതാ വോറ പറയുന്നതു നോക്കൂ: "തുണിത്തരങ്ങൾ, ലൈംഗികത, വിനോദം എന്നിവയിലൊക്കെയുള്ള സ്വാതന്ത്ര്യം സ്ത്രീതന്നെ തിരഞ്ഞെടുക്കേണ്ടതാണ്. എങ്ങനെ ജീവിക്കണമെന്ന് അവർ തന്നെ തീരുമാനിക്കട്ടെ. മൊറാലിറ്റിയുടെ അതിരുകളാണ് സ്ത്രീയെ പലപ്പോഴും പരിമിതപ്പെടുത്തുന്നത്. സംസ്കാരം, സ്വാതന്ത്ര്യം, എന്നിവയെക്കുറിച്ച് ആർക്കും അഭിപ്രായപ്പെടാം. പക്ഷേ, അവ മറ്റുള്ളവർക്കുമേൽ അടിച്ചേല്പിക്കരുത്."

*എം.ടി.ഐ., ചെമ്പുക്കാവ്, തൃശൂർ*

(Morality TV and The loving Jihad - A Trilling Tale India/ 2007/ 31 mints/ Hindi Dir Paromita Vohra)